സെന്റ് മേരീസ് എൽ.പി.സ്കൂൾ ഇക്കണോമിക്കും കുമ്പക്കര സെന്റ് ബ്രൊക്കാർഡ് എൽ.പി.സ്കൂൾ അൺ ഇക്കണോമിക്കും ആയതിനാൽ ഇവരുടെ പരസ്പര സ്ഥലംമാറ്റം അംഗീകരിക്കുന്നതിന് സർക്കാരിനോട് സ്പഷ്ടീകരണം ആരാഞ്ഞിരുന്നു. സർക്കാർ ഉത്തരവും സ്പഷ്ടീകരണവും ലഭിച്ച മുറയ്ക്ക് ഇവരുടെ പരസ്പര സ്ഥലംമാറ്റം അംഗീകരിച്ചുനൽകിയിട്ടുണ്ട്. ഇതിൽ അകാരണമായ കാലതാമസമുണ്ടായിട്ടില്ല.

(ജി) ഇപ്രകാരം സർക്കാരിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിൽനിന്നും നേരിട്ട് വിശദീകരണം തേടിയിട്ടുണ്ട്.

ആദായകരമല്ലാത്ത സ്കൂളുകളുടെ നിലവാരമുയർത്താൻ നടപടി

98 (3008) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആദായകരമല്ലാത്ത സ്കൂളുകളുടെ നിലവാരമുയർത്താൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) സി.ബി.എസ്.ഇ. സ്കൂളുകൾക്ക് നൽകിയ എൻ.ഒ.സി. പിൻവലിച്ചതുകൊണ്ടും അൺഎയ്ഡഡ് സ്കൂളുകൾക്ക് ഈ സർക്കാർ നൽകിയ അംഗീകാരം പിൻവലിച്ചതുകൊണ്ടും അനാദായകരമായിപ്പോയ സ്കൂളുകളുടെ നിലവാരം ഉയർത്താമോ?

ഉത്തരം

(എ) അനാദായകരമായ വിദ്യാലയങ്ങളുടെ നിലവാരമുയർത്താൻ വകുപ്പുതലത്തിൽ പല പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. സർക്കാർ വിദ്യാലയങ്ങളിൽ പ്രീ-പ്രൈമറി വിഭാഗം പോഷക വിഭാഗമായി ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്ത് അനാദായകരമായ വിദ്യാലയങ്ങൾ ധാരാളമുണ്ട് എന്നത് വസ്തുതയാണ്. 60 കുട്ടികളിൽ കുറവുമാത്രമുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും പഠന നിലവാരമുയർത്തിയും ആകർഷകമാക്കുവാനും വരും വർഷം കൂടുതൽ കുട്ടികളെ ഉറപ്പാക്കുവാനുമായി ഫോക്കസ് 15 എന്ന പദ്ധതി സർവ്വശിക്ഷാ അഭിയാൻ നടപ്പിലാക്കിവരുന്നു.

(ബി) അഞ്ചിലധികം വർഷമായി തുടർന്നുവരുന്ന സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്കും സ്റ്റേറ്റ് സിലബസ് പ്രകാരമുള്ള വിദ്യാലയങ്ങൾക്കുമാണ് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. വർഷങ്ങളായി പ്രവർത്തിക്കുന്ന ഇത്തരം വിദ്യാലയങ്ങളുടെ അംഗീകാരം പിൻവലിച്ചതുകൊണ്ടുമാത്രം അനാദായകരമായ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്താൻ കഴിയുമെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly